പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: *320

17.12.2015-ൽ മറുപടിക്ക്

## ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) വിവിധ ഭവന നിർമ്മാണ പദ്ധതികളെ ഏകോപിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) ജില്ലാ ഹൗസിങ്ങ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) ജില്ലാ ഹൗസിങ്ങ് സൊസൈറ്റികളുടെ രൂപീകരണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

## സംസ്ഥാനത്ത് ഭവന നിർമ്മാണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.

(1) ഗൃഹശ്രീ ഭവന പദ്ധതി.
(2) സാഫല്യം ഭവന പദ്ധതി.
(3) വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി.
(4) സായൂജ്യം ഭൂവികസന പദ്ധതി.
(5) ഇന്നൊവേറ്റീവ് ഭവന പദ്ധതി.
(6) പാരസ്പര്യം പദ്ധതി.
(7) ഹരിപ്പാട് റവന്യൂ ടവർ പദ്ധതി.
(8) സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
(9) പത്ര പ്രവർത്തക ഭവന നിർമ്മാണ പദ്ധതി.

### ഗൃഹശ്രീ പദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗം (LIG)-ൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും, അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്.

### സാഫല്യം ഭവന പദ്ധതി

കേരളത്തിലെ ദുർബ്ബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതരായ EWS വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണിത്. പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

### വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി

വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതത്വവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയാണ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി. കേന്ദ്ര സർക്കാരിന്റെ ഗ്രാന്റും (നിർമ്മാണച്ചെലവിന്റെ എസ്റ്റിമേറ്റ് തുകയുടെ 75%) കേരള സർക്കാരിന്റെ വിഹിതവും (നിർമ്മാണച്ചെലവിന്റെ എസ്റ്റിമേറ്റ് തുകയുടെ 25%) ബോർഡ് ഫണ്ടും വിനിയോഗിച്ചാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

സായൂജ്യം ഭൂവികസന പദ്ധതി (പ്ലോട്ടുകൾ)

ബോർഡിന്റെ കൈവശമുള്ള അനുയോജ്യമായ ഭൂമിയിൽ വികസിത പ്ലോട്ടുകൾ തയ്യാറാക്കി MIG/HIG വിഭാഗത്തിലുള്ളവർക്ക് വിലയ്ക്ക് നൽകുന്ന പദ്ധതിയാണ് സായൂജ്യം ഭൂവികസന പദ്ധതി. ബോർഡ് സ്വാശ്രയാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. കോട്ടയം ജില്ലയിൽ അയർകുന്നത്തും, കാസർഗോഡ് ജില്ലയിൽ മാവൂരും ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ സായൂജ്യം ഭൂവികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഇന്നൊവേറ്റീവ് ഭവന പദ്ധതി

നഗരങ്ങളിൽ ജോലി ചെയ്തുകൊണ്ട് നഗരത്തിനു പുറത്ത് താമസിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് ലഭ്യമാക്കുന്ന പദ്ധതിയാണിത്.

പാരസ്പര്യം പദ്ധതി.

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും വില്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് പാരസ്പര്യം പദ്ധതി. ബോർഡ് തിരുവനന്തപുരം കവടിയാറിൽ പാർപ്പിട സമുച്ചയം ഈ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്നും ബോർഡിന്റെ കൈവശമുള്ള മറ്റു സ്ഥലങ്ങളിൽ പാർപ്പിട സമുച്ചയം/വാണിജ്യ സമുച്ചയ പദ്ധതി ഈ രീതിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

ഹരിപ്പാട് റവന്യൂ ടവർ പദ്ധതി.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും ഒപ്പം വാണിജ്യ ആവശ്യങ്ങളും നിറവേറ്റുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം ബോർഡ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് റവന്യൂ ടവർ പദ്ധതി നടപ്പിലാക്കാൻ ഭരണാനുമതി ലഭ്യമാകുകയും, ബോർഡ് ടി പദ്ധതി നടപ്പിലാക്കി വരികയുമാണ്. നബാർഡിൽ നിന്നും വായ്പ സമാഹരിച്ചുകൊണ്ടാണ് ബോർഡ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി

സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി ഉപയോഗിക്കുന്നതിന് ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് നൽകുന്ന പദ്ധതിയാണിത്.

പത്രപ്രവർത്തക ഭവന നിർമ്മാണ പദ്ധതി

1955-ലെ വർക്കിംഗ് ജേർണലിസ്റ്റ് ആക്റ്റിന്റെ പരിധിയിൽ വരുന്ന പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണത്തിനായി സബ്സിഡി അനുവദിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പത്രപ്രവർത്തക ഭവന പദ്ധതി പ്രകാരമുള്ള സബ്സിഡി തുക ഭവന നിർമ്മാണ ബോർഡ് മുഖേനെയാണ് അനുവദിച്ചു വരുന്നത്. ഈ പദ്ധതി പ്രകാരം നിലവിലെ സബ്സിഡി തുക 1 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

# അനുബന്ധം II

സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭൂരഹിതരായ ബി.പി.എൽ കുടുംബങ്ങൾക്കുവേണ്ടി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂരഹിതരും അല്ലാത്തവരുമായ ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിലുള്ള കുടുംബങ്ങൾക്കുമായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പ്രത്യേക പദ്ധതിയും 2015-2016 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഭവന രഹിതരും താഴ്ന്ന വരുമാനക്കാരുമായ കേരളത്തിലെ എല്ലാവർക്കും 3 വർഷത്തിനുള്ളിൽ 1.72 ലക്ഷം വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഉൾപ്പെട്ട ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത എംപവേർഡ് കമ്മിറ്റിയുടെ നിയന്ത്രണത്തിൻ കീഴിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ എല്ലാം ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. എംപവേർഡ് കമ്മിറ്റിയുടെ യോഗം ചേരുകയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

30.06.2015- ലെ ജി. ഒ. (എം.എസ്) നം. 112/15/TD ഉത്തരവ് പ്രകാരം അധിക വില്പന നികുതിയുടെ 50% കേരള റോഡ് ഫണ്ട് ബോർഡിനായി വിനിയോഗിക്കുവാൻ ഉത്തരവായിട്ടുണ്ട്. 31.10.2015 വരെ 254.44 കോടി രൂപ വരുമാനം ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ബാക്കി 50% വിനിയോഗിച്ച് പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്ന പദ്ധതിക്ക് രൂപംകൊടുത്തു വരുന്നു.

"എല്ലാവർക്കും വീട്" എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി വിവിധ ഭവന നിർമ്മാണ പദ്ധതികൾ ഏകീകരിച്ച് ചെലവു കുറഞ്ഞതും, ഉറപ്പുള്ളതും, പൂർവ്വ നിർമ്മിതി സങ്കേതങ്ങൾ ഉപയോഗപ്പെടുത്തികൊണ്ടുമുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന് താല്പര്യപത്രം ഇതിനോടകം തന്നെ KSIDC വഴി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതനുസരിച്ച് താല്പര്യം പ്രകടിപ്പിച്ച അഞ്ച് കമ്പനികളിൽ നിന്ന് യോഗ്യതയുള്ളവരെ കണ്ടെത്താൻ ഒരു വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.